# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 4288

28.06.2012 -ൽ
മറുപടിക്ക്

## മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം മാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ സി. ദിവാകരൻ<br>ശ്രീ ജി.എസ്. ജയലാൽ<br>ശ്രീ കെ. രാജു<br>ശ്രീ ഇ.കെ. വിജയൻ | ശ്രീ പി.കെ. അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) മെഡിക്കൽ - എഞ്ചിനീയറിംഗ് കോഴ്സുകളുടെ പ്രവേശനത്തിന് നിശ്ചയിച്ചിട്ടുള്ള മിനിമം മാർക്ക് എത്രയാണ് ? | (എ) മെഡിക്കൽ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് ജനറൽ വിഭാഗത്തിൽ പെട്ടവർ യോഗ്യതാ പരീക്ഷയിൽ ബയോളജി വിഷയത്തിൽ മാത്രമായി 50% മാർക്കും, കൂടാതെ ഫിസിക്സ്,കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങളിൽ മൊത്തത്തിൽ 50% മാർക്കും നേടണം. എസ്.സി/എസ്.ടി വിഭാഗത്തിൽ പെട്ടവർ 40% മാർക്ക് വീതവും, എസ്.ഇ.ബി.സി വിഭാഗത്തിൽ പെട്ടവർ 45% മാർക്ക് വീതവും യോഗ്യതാ പരീക്ഷയിൽ നേടിയാൽ മതി. കൂടാതെ, പൊതു പ്രവേശന പരീക്ഷയിൽ ജനറൽ വിഭാഗത്തിൽ പെട്ടവർ 50% മാർക്കും, എസ്.സി/എസ്.ടി, എസ്.ഇ.ബി.സി വിഭാഗത്തിൽ പെട്ടവർ 40% മാർക്കും, വികലാംഗ വിഭാഗത്തിൽ പെട്ടവർ 45% മാർക്കും മിനിമം മാർക്കായി നേടണം. മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് പൊതു പ്രവേശന പരീക്ഷയിൽ 10 മാർക്ക് മിനിമം നേടിയാൽ മതി.<br><br>എഞ്ചിനിയറിംഗ് കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് ജനറൽ വിഭാഗത്തിൽ പെട്ടവർ യോഗ്യതാ പരീക്ഷയിൽ ഗണിത ശാസ്ത്രത്തിൽ മാത്രമായി 50% മാർക്കും, കൂടാതെ ഗണിത ശാസ്ത്രം, ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങളിൽ മൊത്തത്തിൽ 50% മാർക്കും നേടണം. എസ്.ഇ.ബി.സി വിഭാഗത്തിൽ പെട്ടവർ 45% |

മാർക്ക് വീതം നേടണം. എസ്.സി/എസ്.ടി വിഭാഗത്തിൽ പെട്ടവർ
യോഗ്യതാ പരീക്ഷയിൽ പാസ് മാർക്ക് മാത്രം നേടിയാൽ മതി.
കൂടാതെ, പൊതു പ്രവേശന പരീക്ഷയിൽ ജനറൽ വിഭാഗം, എസ്.ഇ.ബി.സി വിഭാഗം, വികലാംഗ വിഭാഗം എന്നിവർ 10 മാർക്ക് മിനിമം നേടിയാൽ മതി. എസ്.സി/എസ്.ടി വിഭാഗത്തിൽ പെട്ടവർക്ക് പാസ് മാർക്കില്ല.

| | |
|---|---|
| (ബി) എൻ.ആർ.ഐ സീറ്റിൽ പ്രവേശനം ലഭിക്കുന്നത് സംബന്ധിച്ച് മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ ? എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയത് ? | (ബി) ഇല്ല. |
| (സി) മുഴുവൻ സീറ്റിലും മാനേജ്മെന്റ് ഫീസ് വാങ്ങുന്നതിന് ഏതെങ്കിലും മാനേജ്മെന്റുകൾക്ക് അനുമതി നൽകിയിട്ടുണ്ടോ ? എങ്കിൽ വിശദമാക്കാമോ ? | (സി) കേരള കാത്തലിക്ക് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ കീഴിലുള്ള കോളേജുകളിൽ എൻ.ആർ.ഐ സീറ്റുകൾ ഒഴികെയുള്ള സീറ്റുകളിൽ ഒരേ ഫീസ് ഈടാക്കുന്നു. കൂടാതെ, ഇന്റർ ചർച്ച് കൌൺസിലിന്റെ കീഴിലുള്ള അമലാ മെഡിക്കൽ കോളേജ് തൃശ്ശൂർ, ജൂബിലി മെഡിക്കൽ കോളേജ് തൃശ്ശൂർ, മലങ്കര ഓർത്തോഡക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജ് കോലഞ്ചേരി, പുഷ്പഗിരി മെഡിക്കൽ കോളേജ് തിരുവല്ല എന്നിവിടങ്ങളിലും കാരക്കോണം ഡോ. സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ മെഡിക്കൽ കോളേജിലും ഏകീകൃത ഫീസാണ് ഈടാക്കുന്നത്. |

സെക്ഷൻ ഓഫീസർ